**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 909** **29-08-2022 - ൽ മറുപടിയ്ക്ക്**

**എസ്. സി., എസ്. ടി. ഫണ്ട് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടന്നതായി പറയപ്പെടുന്ന എസ് .സി., എസ്.ടി. ഫണ്ട് തട്ടിപ്പ് വ്യാജ രേഖകൾ ചമച്ചാണ് നടത്തിയത് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | വൈക്കം നഗരസഭയിൽ എസ്.സി പ്രൊമോട്ടർ വ്യാജരേഖ ചമച്ച് തട്ടിപ്പ് നടത്തിയ വിഷയത്തിൽ പോലീസ്, വിജിലൻസ് കേസുകൾ നിലനിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭയിൽ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻ നിർവ്വഹണം നടത്തുന്ന ഒരു പദ്ധതിയിൽ വ്യാജജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആനുകൂല്യം തട്ടിയെടുത്തതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എസ് .സി., എസ്.ടി. പ്രൊമോട്ടർമാരും പട്ടികജാതി, പട്ടികവർഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥരും പ്രസ്തുത തട്ടിപ്പിന് കൂട്ടുനിന്നതായുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | വൈക്കം നഗരസഭയിൽ എസ്.സി പ്രൊമോട്ടർ വ്യാജരേഖ ചമച്ച് തട്ടിപ്പ് നടത്തിയ വിഷയത്തിൽ പോലീസ്, വിജിലൻസ് കേസുകൾ നിലനിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭയിൽ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻ നിർവ്വഹണം നടത്തുന്ന ഒരു പദ്ധതിയിൽ വ്യാജജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആനുകൂല്യം തട്ടിയെടുത്തതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | തദ്ദേശ സ്ഥാപനങ്ങൾ മുഖേന നൽകുന്ന എസ്.സി., എസ്.ടി. ഫണ്ടിന്റെ വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | തദ്ദേശ സ്ഥാപനങ്ങൾ മുഖേന നൽകുന്ന എസ്.സി., എസ്.ടി. ഫണ്ടിന്റെ വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിന് ജില്ലകളിൽ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി (പട്ടികജാതി, പട്ടികവർഗ്ഗം) ജില്ലാ ആസൂത്രണ സമിതി എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓരോ പദ്ധതികളുടെയും നടത്തിപ്പ് സംബന്ധിച്ച് തദ്ദേശ സ്ഥാപന തലത്തിലും ജില്ലാ തലത്തിലും വകുപ്പിലെ ഉദ്യോഗസ്ഥർ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ആഭ്യന്തര പരിശോധന വിഭാഗമായ പെർഫോമൻസ് ഓഡിറ്റ് സംവിധാനം വഴിയും നിയമാനുസൃത ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | പരിശോധന സംവിധാനമായ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് വഴിയും ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പ വരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവിഭാഗ മേഖലയിലെ ക്ഷേമ– വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ മാർ അദ്ധ്യക്ഷൻമാരായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ